പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3543 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **വനിതാനയം നടപ്പിലാക്കൽ** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. എം. ഉമ്മർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വനിതകളുടെ സംരക്ഷണത്തിനായി വനിതാനയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ; | (ബി) വനിതാ നയത്തിന്റെ 7 പ്രഖ്യാപിത ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജാതി-മത-വർഗ്ഗ-ലിംഗ വിവേചനങ്ങൾ സൃഷ്ടിക്കുന്ന ചൂഷണങ്ങളിൽ നിന്ന് സ്ത്രീകളെ മോചിപ്പിച്ചുകൊണ്ട് കേരളത്തിൽ ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കുക<br>2. പരമ്പരാഗത റോളുകളുടെയും ആൺകോയ്മാ മൂല്യബോധത്തിന്റെയും ധാരണകളും അധികാര ബന്ധങ്ങളും സമൂഹത്തിലെ എല്ലാ മേഖലകളിൽ നിന്നും തുടച്ചു നീക്കുന്നതിനു സഹായകമായ ഭരണപരവും സാമൂഹ്യവും സാംസ്ക്കാരികവുമായ ഇടപെടലുകൾ നടത്തുക.<br>3. തീരുമാനമെടുക്കുന്ന വേദികളിലും നിയമനിർമ്മാണ വേദികളിലും സ്ത്രീകൾക്കും തുല്യപങ്കാളിത്തം ഉറപ്പാക്കി സമൂഹസൃഷ്ടിയിൽ ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ സ്ഥാനം ഉറപ്പാക്കുക.<br>4. ആരോഗ്യം, വിദ്യഭ്യാസം, തൊഴിൽ, നിയമസംരക്ഷണം, സാമൂഹ്യസംരക്ഷണം, ഭരണരംഗം, പൊതുഇടങ്ങൾ എന്നിവയിലെല്ലാം സ്ത്രീകളുടെ അവകാശങ്ങൾ പ്രാപ്യമാക്കുകയും സ്ത്രീപങ്കാളി-ത്തത്തോടെ ഈ മേഖലകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ചെയ്യുക<br>5. സ്ത്രീ പദവിയെ ബാധിക്കുന്ന എല്ലാവിധ അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിന് നിയമസംവിധാനം ശക്തമാക്കുക<br>6. കേരള വികസനപ്രക്രിയ ലിംഗപദവി കാഴ്ചപ്പാടോടുകൂടിയുള്ളതാക്കുകയും ഇതിനായി സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്തുകൾ, മറ്റ് വികസന ഏജൻസികൾ, പൗരസമൂഹം എന്നിവയുടെ |

| | | |
|---|---|---|
| | | സമീപനത്തിൽ ലിംഗപദവി അവബോധം വളർത്തുന്നതിനുള്ള ഇടപെടലുകൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.<br>7. കുടുംബം, തൊഴിലിടങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ജനാധിപത്യവൽക്കരിക്കുന്നതിനും ലിംഗപദവി പരിഗണനയോടുകൂടിയുള്ളതാക്കുന്നതിനും പ്രേരണ ചെലുത്തുക |
| (സി) | വനിതകളുടെ സംരക്ഷണം മുൻനിർത്തി എല്ലാ ജില്ലകളിലും വൺഡേ ഹോമുകളും, ഷോർട്ട് സ്റ്റേ ഹോമുകളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) യും (ഡി)യും : സ്ത്രീപീഡനത്തിന് ഇരയാകുന്ന വനിതകൾ, വേശ്യാവൃത്തി ചെയ്യാൻ നിർബന്ധിതരായിത്തീരുന്ന സ്ത്രീകൾ, ലൈംഗിക ചൂഷണങ്ങൾക്ക് അടിമകളാകുന്ന സ്ത്രീകളും പെൺകുട്ടികളും, ശാരീരികവും, മാനസികവും സാമൂഹികവുമായി പ്രതികൂല സാഹചര്യങ്ങളിൽപെട്ട് വിഷമിക്കുന്ന സ്ത്രീകൾ, കുടുംബപ്രശ്നങ്ങളാൽ കുടുംബം വിട്ട് ആരോരും ആശ്രയമില്ലാതെ അലയുന്ന സ്ത്രീകൾ എന്നിവരെ താൽക്കാലികമായി സുരക്ഷിതമായി താമസിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സസ്ഥാനത്ത് 5 ഷോർട്ട് സ്റ്റേ ഹോമുകൾ (4 എണ്ണം തിരുവനന്തപുരത്തും 1 എണ്ണം മലപ്പുറത്തും) സന്നദ്ധ സംഘടനകൾ വഴി കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷന്റെ കീഴിലും ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ഇത്തരം ഹോമുകൾ സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (ഡി) | ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കും; | |
| (ഇ) | പ്രസ്തുത ഹോമുകളിൽ ജീവനക്കാരായി വനിതകളെ മാത്രം പരിഗണിക്കുമോ; വിശദാംശം നൽകുമോ; | (ഇ) സന്നദ്ധ സംഘടനകൾ വഴി കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്ന ഷോർട്ട സ്റ്റേ ഹോമുകളിൽ ചൗക്കിദാർ ഒഴികെയുള്ള തസ്തികകളിൽ ജീവനക്കാരായി വനിതകളെ മാത്രമെ പരിഗണിക്കുന്നുള്ളു. |

സെക്ഷൻ ഓഫീസർ